**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 749 **09.08.2017-** ലെ മറുപടിക്ക്

<u>പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നടപടി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി മൂന്ന് ലക്ഷം രൂപ ധനസഹായം അനുവദിച്ച് നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷം 14946 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ, 2007-08 സാമ്പത്തിക വർഷം മുതൽ പട്ടിക ജാതി വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകളിൽ അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിനായി സ്പിൽ ഓവറായി തുക അനുവദിച്ചു നൽകുന്നുമുണ്ട്. മുൻസർക്കാരിന്റെ കാലത്ത് സ്പിൽഓവറായുണ്ടായിരുന്ന 16360 വീടുകൾക്ക് 3,00,000 രൂപയുടെ ആനുപാതിക നിരക്കിൽ തുടർഗഡുക്കൾ നൽകിവരുന്നുണ്ട്. 2,00,000 രൂപ അനുവദിച്ചിരുന്ന കാലത്ത് സ്പിൽ ഓവറായി പ്രവൃത്തി മുടങ്ങിക്കിടന്ന വീടുകൾ പൂർത്തിയാക്കുവാൻ ഒരു പ്രത്യേക പാക്കേജും നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി 4567 സ്പിൽഓവർ വീടുകൾ കഴിഞ്ഞ വർഷം പൂർത്തിയാക്കുവാൻ കഴിഞ്ഞു. |
| (ബി) | പട്ടികജാതിക്കാർക്കായി എത്ര വീടുകളാണ് പുതുതായി അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികജാതിക്കാർക്കായി 2016-17 സാമ്പത്തിക വർഷം 14,946 വീടുകളാണ് പുതുതായി അനുവദിച്ചത്. |

| | | | |
|---|---|---|---|
| (സി) | എത്ര വീട്ടുകളുടെ നവീകരണമാണ് ഇക്കാലയളവിൽ നടന്നതെന്ന് വിശദമാക്കുമോ; | (സി) | 2016-17 സാമ്പത്തിക വർഷം 7167 വീട്ടുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സ്പിൽ ഓവർ ആയ എത്ര ഭവനങ്ങൾ പൂർത്തീകരിക്കുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ; | (ഡി) | 2007-08 മുതൽ 2015-16 സാമ്പത്തിക വർഷം വരെ അനുവദിച്ചവയിൽ 31/03/2016 വരെ പൂർത്തിയാകാതെ അവശേഷിച്ച 16360 വീട്ടുകളിൽ 4567 വീട്ടുകൾ 2016-17 സാമ്പത്തിക വർഷം പൂർത്തിയാക്കിയിട്ടുണ്ട്. 2007-08 മുതൽ 2016-17 വരെ അനുവദിച്ചതിൽ 31/03/2017 ന് പൂർത്തിയാകാതെ അവശേഷിച്ച 25772 വീട്ടുകളിൽ 2440 വീട്ടുകൾ ഈ സാമ്പത്തിക വർഷത്തിൽ ഇതേവരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഇ) | ഏതെല്ലാം പദ്ധതികൾ ആണ് ഇതിനായി പ്രയോജനപ്പെടുത്തിയതെന്ന് വിശദമാക്കുമോ? | (ഇ) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതി, സ്പിൽ ഓവർ പദ്ധതി, ഭവന പുനരുദ്ധാരണ പദ്ധതി, 2007-08 മുതൽ 2013-14 വരെയുള്ള ഗുണഭോക്താക്കളിൽ പഴയനിരക്കിൽ തുക കൈപ്പറ്റി പണി പൂർത്തിയാക്കാതെ അവശേഷിക്കുന്നവർക്ക് ഒടുവിൽ കൈപ്പറ്റിയ നിശ്ചിത ഗഡു ധനസഹായ തുക രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതികമായി നൽകുന്ന അധിക സഹായ പദ്ധതി എന്നീ പദ്ധതികളാണ് ഇതിനായി പ്രയോജനപ്പെടുത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ